നടപടികൾ കൈക്കൊള്ളാനുമായി സർക്കാർ നിർദ്ദേശപ്രകാരം ഒരു പഠനം തിരുവനന്തപുരത്തുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ്(CED) എന്ന സ്ഥാപനം വഴി സംസ്ഥാന പരിസ്ഥിതി മാനേജുമെന്റ് ഏജൻസി 2009-2010 വർഷം നടത്തുകയുണ്ടായി. സർക്കാർ/നബാർഡ് (RIDF) സഹായത്തോടെ പ്രസ്തുത പഠന നിർദ്ദേശങ്ങൾക്ക് നടപ്പുവർഷം തുടക്കമിടാൻ ഉദ്ദേശിക്കുന്നു. നദീ പരിപാലനത്തിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന നാഷണൽ ആമിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതിപ്രകാരം സംസ്ഥാനത്തെ 43 നദികളിൽ 64 സ്ഥലങ്ങളിൽ നിന്നും ജല സാമ്പിൾ ശേഖരിച്ച് ക്രമമായി ഗുണനിലവാരം പരിശോധിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബോർഡ് സ്റ്റേറ്റ് ആമിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗിന്റെ ഭാഗമായി 21 നദികളിലായി 119 മോണിട്ടറിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്തി ജലഗുണനിലവാരം നിരീക്ഷിച്ചുവരുന്നു. കേന്ദ്ര സഹായത്തോടുകൂടി നടത്തുന്ന മോണിട്ടറിംഗ് പദ്ധതിയിൽ കൂടുതൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിന് നടപടി

15 (*675) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖങ്ങളെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനായി ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനായി സംയുക്ത സംരംഭത്തിലൂടെ ഒരു കമ്പനി രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന് പുറമേ മറ്റ് ഏതൊക്കെ സംരംഭകരും, ഏജൻസികളുമാണ് ഈ കമ്പനികളുടെ രൂപീകരണവുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്പനികൾ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ, ഈ കമ്പനിയിൽ എത്ര ശതമാനം ഓഹരി പങ്കാളിത്തമാണ് സർക്കാരിനുള്ളത് ;

(ഡി) പ്രസ്തുത പ്രോജക്ടിനുവേണ്ടി ബാക്കി മൂലധന സമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുറമുഖങ്ങളുടെ കോസ്റ്റൽ ഷിപ്പിംഗ് നെറ്റ്‌വർക്കിനായി ഈ കമ്പനി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ഇതിനായി കമ്പനി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി)-(ഇ) ബാധകമല്ല.

വ്യവസായ സംരംഭകർക്ക് നിക്ഷേപ സബ്സിഡി

16 (*676) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) വ്യവസായ സംരംഭകർക്ക് നിക്ഷേപ സബ്സിഡി നൽകുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുർബല വിഭാഗങ്ങൾക്ക് പെറുകിട സംരംഭങ്ങൾക്കായി എത്ര ശതമാനം സബ്സിഡിയാണ് അനുവദിക്കുന്നത് ;

(സി) വ്യവസായങ്ങൾക്കായി എടുക്കുന്ന ബാങ്ക് വായ്പയ്ക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോ ;

(ഇ) നിക്ഷേപ സബ്സിഡിക്കായി കഴിഞ്ഞ വർഷം എത്ര രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly